# പതിനാലാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2459 12/06/2018-ൽ മറുപടിക്ക്

## പവ്വർ കട്ട്, ലോഡ് ഷെഡിംഗ്

| | ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര യൂണിറ്റ് വൈദ്യുതി പുതുതായി ഉത്പാദിപ്പിച്ചു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2643.1170 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുതുതായി ഉത്പാദിപ്പിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാർ 5 വർഷം കൊണ്ട് എത്ര യൂണിറ്റ് വൈദ്യുതിയാണ് പുതുതായി ഉത്പാദിപ്പിച്ചത് ; | (ബി) | മുൻ സർക്കാർ കാലയളവിൽ അഞ്ച് വർഷം കൊണ്ട് 7723.52 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുതുതായി ഉത്പാദിപ്പിച്ചിട്ടുണ്ട്.<br>സൗരോർജ്ജ പദ്ധതികൾ മുഖേന ആഗസ്റ്റ് 2015 മുതലാണ് വൈദ്യുതി ഉത്പാദിപ്പിച്ചു തുടങ്ങിയത്. ആഗസ്റ്റ് 2015 മുതൽ മെയ് 2016 വരെ 1.30796 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിൽ പവ്വർ കട്ട്, ലോഡ് ഷെഡിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരളത്തിൽ പവ്വർ കട്ട്, ലോഡ് ഷെഡിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര തവണ പവ്വർകട്ട്, ലോഡ് ഷെഡിംഗ് എന്നിവ ഏർപ്പെടുത്തി; വിശദാംശങ്ങൾ നൽകാമോ? | (ഡി) | മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടായ പവർകട്ടും ലോഡ് ഷെഡ്ഡിംഗും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.<br>• മൂലമറ്റം വൈദ്യുതി നിലയത്തിൽ നിന്നുണ്ടായ അപകടം മൂലം 2011 ജൂൺ 20-ാം തിയതി മുതൽ 28 -ാം തീയതി വരെ സംസ്ഥാനത്ത് സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.<br>• വൈദ്യുതി ലഭ്യതക്കുറവു മൂലം 2011 സെപ്തംബർ 29 മുതൽ ഒക്ടോബർ 10 -ാം തീയതി വരെ സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.<br>• 2012 ഏപ്രിൽ 2 മുതൽ മെയ് 23-ാം തീയതി വരെയും സെപ്തംബർ 27-ാം തീയതി മുതൽ |

2013 ജൂൺ 15-ാം തീയതി വരെയും സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.

- ശബരിഗിരി വൈദ്യുതി നിലയത്തിലെ അറ്റകുറ്റപ്പണികൾ കാരണം 22.05.2014 മുതൽ 31.05.2014 വരെ സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.
- 2014 ജൂൺ മാസം 2, 3 തീയതികളിലും 04.06.2014 മുതൽ 26.06.2014 വരെയും സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.

2012 ഏപ്രിൽ 05-ാം തീയതി മുതൽ മെയ് 31-ാം തീയതി വരെ എല്ലാ എച്ച്. റ്റി., ഇ. എച്ച്. റ്റി. ഉപഭോക്താക്കളുടേയും വൈദ്യുതി ഉപഭോഗത്തിൽ 10 ശതമാനം പവർക്കട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2012 ഏപ്രിൽ 26-ാം തീയതി മുതൽ 31-ാം തീയതി വരെ എൽ. റ്റി. ഉപഭോക്താക്കൾക്ക് 10 ശതമാനം പവർക്കട്ടും ഏർപ്പെടുത്തിയിരുന്നു. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2012 മെയ് 31-ാം തീയതി വരെ നിലനിന്നിരുന്നു.

2012 ഡിസംബർ 15-ാം തീയതി മുതൽ എല്ലാ എച്ച്.റ്റി., ഇ. എച്ച്. റ്റി. ഉപഭോക്താക്കളുടേയും വൈദ്യുതി ഉപഭോഗത്തിൽ 25 ശതമാനം പവർക്കട്ട് ഏർപ്പെടുത്തിയിരുന്നു. കൂടാതെ എൽ. റ്റി. ഉപഭോക്താക്കൾക്ക് 20 ശതമാനം പവർക്കട്ടും ഏർപ്പെടുത്തിയിരുന്നു. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2013 മെയ് 31-ാം തീയതി വരെ നിലനിന്നിരുന്നു.

സെക്ഷൻ ഓഫീസർ